മാറാട് പ്രദേശത്തെ വാച്ച് ടവർ നിർമ്മാണം

49 [823] ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാറാട് പ്രദേശത്ത് സർച്ച് ലൈറ്റോടുകൂടിയ വാച്ച് ടവർ നിർമ്മിക്കുന്ന പ്രവർത്തനത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതേവരെ എത്ര തുക നിർമ്മാണപ്രവർത്തനത്തിനായി ചെലവ് ചെയ്തുവെന്നും എന്തെല്ലാം പ്രവൃത്തികളാണ് ഇതേവരെ നടത്തിയതെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തി ഏത് ഏജൻസി വഴിയാണ് നടപ്പിലാക്കുന്നത് ;

(ഡി) വാച്ച് ടവർ നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കാമോ ;

(ഇ) പ്രവൃത്തി പൂർത്തികരിക്കാൻ എന്തു തുകകൂടി വേണ്ടിവരും ; എന്നേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിർമ്മാണം ആരംഭിച്ചിട്ടില്ല.

(ബി, സി, ഡി ആന്റ് ഇ) നിർമ്മാണപ്രവർത്തനത്തിനായി ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുകകൊണ്ട് പണി പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നു. പണി ഇതുവരെ തുടങ്ങിയിട്ടില്ലാത്തതിനാൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ആംഡ് പോലീസ് ബറ്റാലിയനിൽ പ്രൊമോഷൻ

50 [824] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആംഡ് പോലീസ് ബറ്റാലിയനിൽ എ. എസ്. ഐ. പ്രൊമോഷൻ നടത്തുന്നതിന് എതിരെ സേനാംഗങ്ങളിൽ ചിലർ പരാതി നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പരാതിയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;

(സി) കേരള ആംഡ് പോലീസ് ബറ്റാലിയനിൽ 1990-ൽ സർവ്വീസിൽ കയറുകയും 1991-ലും, 1993-ലും ഹവിൽദാർ ടെസ്റ്റ് പാസ്സാവുകയും ചെയ്തവർ ഉള്ളപ്പോൾ അവരെ ഒഴിവാക്കി മറ്റുള്ളവരെ പ്രൊമോട്ടു ചെയ്യുന്നുണ്ടോ ;

(ഡി) പ്രൊമോഷന് ഹവിൽദാർ ആയി റഗുലറൈസ് ചെയ്ത തീയതി പരിഗണിക്കണ്ട എന്ന് റൂൾ പ്രതിപാദിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 1990-ൽ സർവ്വീസിൽ കയറുകയും ആദ്യത്തെ ഹവിൽദാർ ടെസ്റ്റ് പാസ്സാകുകയും ചെയ്തിട്ടും പ്രൊമോഷൻ ലഭിക്കാത്ത സേനാംഗങ്ങൾ അനുഭവിക്കുന്ന മാനസികവും തൊഴിൽപരവുമായ സംഘർഷങ്ങളും പ്രശ്നങ്ങളും പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ആംഡ് പോലീസ് ബറ്റാലിയനിൽ എ. എസ്. ഐ. പ്രൊമോഷൻ നടത്തുന്നതിനെതിരെ സേനാംഗങ്ങളിൽ ആരുംതന്നെ പരാതി നൽകിയിട്ടില്ല. എന്നാൽ ഹവിൽദാർ തസ്തികയിൽനിന്നും എ. എസ്. ഐ. തസ്തികയിലേക്ക് പ്രൊമോഷൻ ഉത്തരവായതിനെത്തുടർന്ന് ഹവിൽദാർ സീനിയോറിറ്റിയെ സംബന്ധിച്ച് ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രൊമോഷനെ സംബന്ധിച്ച് ലഭിച്ച പരാതികളിൻമേൽ നിലവിലുള്ള നിയമങ്ങൾ പ്രകാരം പരിഹരിക്കാൻ കഴിയുന്ന പരാതികൾ എല്ലാംതന്നെ പരിഹരിക്കുകയും മറ്റു പരാതികൾ പരിശോധിച്ചുവരികയുമാണ്.

(സി) എ. പി. എ. എസ്. ഐ. പ്രൊമോഷൻ നൽകുന്നത് ഹവിൽദാറായി പ്രമോഷൻ നൽകുന്നതിന്റെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിൽനിന്നുമാണ്. നേരത്തെ ടെസ്റ്റ് പാസ്സായി എന്നത് സീനിയോറിറ്റിയുടെ മാനദണ്ഡമല്ല. എന്നുമുതൽ ഹവിൽദാർ ആയി എന്നതിന്റെ അടിസ്ഥാനത്തിലാണ്. ഈ സീനിയോറിറ്റി ക്രമം തെറ്റിച്ച് ആരെയും പ്രൊമോട്ടു ചെയ്തിട്ടില്ല.

(ഡി) സീനിയോറിറ്റിക്ക് ഹവിൽദാറായി റഗുലറൈസ് ചെയ്ത തീയതി കണക്കാക്കണമെന്ന് കേരള സബോർഡിനേറ്റ് സർവ്വീസ് (ആംഡ് പോലീസ് ബറ്റാലിയൻ) സ്പെഷ്യൽ റൂൾസിൽ (ഗവ. ഉത്തരവ് നമ്പർ (അച്ചടിച്ചത്) 6/84/ആഭ്യ. തീയതി 18-1-1984) നിഷ്കർഷിച്ചിട്ടില്ല.

(ഇ) ആംഡ് ബറ്റാലിയൻ എ. എസ്. ഐ.-മാരുടെ ഒഴിവുകൾ വരുന്നതിനനുസൃതമായി സീനിയോറിറ്റി മാനദണ്ഡമാക്കി പ്രൊമോഷൻ നൽകുന്നതാണ്.

അനുമതി കൂടാതെ പാറ പൊട്ടിക്കുന്നത് തടയാൻ നടപടി

51 [825] ശ്രീ. ഇസ്മായിൽ കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വെടിമരുന്ന് ഉപയോഗിച്ച് പാറപൊട്ടിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പാറപൊട്ടിക്കുന്നതിനും വെടിമരുന്ന് ഉപയോഗിക്കുന്നതിനും പോലീസ് വകുപ്പിന്റെ അനുമതി ആവശ്യമാണോ ;

LIBRARY ARCHIVES Kerala Legislative Assembly